**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5120 — 27.06.2019 ൽ മറുപടിക്ക്

**ആർ.എസ്.ബി.വൈ.പദ്ധതി**

| ചോദ്യം<br>**ശ്രീ.അനിൽ അക്കര** | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | 2018-2019 സാമ്പത്തിക വർഷം ആർ.എസ്.ബി.വൈ. (ബി.പി.എൽ. ആരോഗ്യ കാർഡ്) പദ്ധതിയിൽ ഇടപാടുകാരായ ഇൻഷുറൻസ് കമ്പനിയുടെ പേര് വെളിപ്പെടുത്തുമോ; | (എ) | റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്` എന്നാണ് ഇൻഷുറൻസ് കമ്പനിയുടെ പേര്. |
| (ബി) | 2018-2019 സാമ്പത്തിക വർഷം എത്ര രൂപയാണ് പ്രസ്തുത കമ്പനി മുഖേന ബി.പി.എൽ. രോഗികൾക്കുവേണ്ടി ചെലവഴിച്ചത്; | (ബി) | RSBY/CHIS ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ ഗുണഭോക്താകൾക്കു തിരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ ആനുകൂല്യം നൽകി വരുന്നു. പദ്ധതി നടത്തിപ്പിനായി ടെണ്ടർ വഴി തിരഞ്ഞെടുക്കുന്ന ഇൻഷുറൻസ് കമ്പനി ആശുപത്രികളുമായി കരാർ ഒപ്പിടുന്നു. ചികിത്സ നടത്തിയതിന്റെ തുക ഇൻഷുറൻസ് കമ്പനി ആശുപത്രികൾക്കാണ് നേരിട്ട് നൽകുന്നത്. 2018-19 സാമ്പത്തിക വർഷം 368 കോടിയോളം രൂപയുടെ ചികിത്സ ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകി കഴിഞ്ഞു. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രസ്തുത കമ്പനിക്ക് നൽകിയിട്ടുള്ള തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിക്കായി ചിലവഴിച്ച തുക ചുവടെ ചേർക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച തുക പൂർണമായി വിനിയോഗിച്ചു. |

| വർഷം | കേന്ദ്ര സംസ്ഥാന വിഹിതത്തിന്റെ അനുപാതം | പ്രീമിയം നൽകിയത് (കോടി രൂപയിൽ) | | |
|---|---|---|---|---|
| | | കേന്ദ്രം | സംസ്ഥാനം | മൊത്തം |
| 2008-10 | 75:25 | 42.00 | 9.00 | 51.00 |
| 2010-11 | 75:25 | 43.00 | 37.00 | 80.00 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2011-12</td><td>75:25</td><td>66.00</td><td>139.00</td><td>205.00</td></tr>
<tr><td>2012-13</td><td>75:25</td><td>129.00</td><td>181.00</td><td>310.00</td></tr>
<tr><td>2013-14</td><td>75:25</td><td>111</td><td>108</td><td>219.49</td></tr>
<tr><td>2014-15</td><td>75:25</td><td>115</td><td>121</td><td>236.00</td></tr>
<tr><td>2015-16</td><td>75:25</td><td>102.7</td><td>114</td><td>216.7</td></tr>
<tr><td>2016-17</td><td>60:40</td><td>67.43</td><td>99.6</td><td>167.03</td></tr>
<tr><td>2017-18</td><td>60:40</td><td>83.39</td><td>172.5</td><td>255.89</td></tr>
<tr><td>2018-19</td><td>60:40</td><td>86.90</td><td>215.91</td><td>302.81</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ആർ.എസ്.ബി.വൈ.പദ്ധതിയെ പ്രസ്തുത കമ്പനി ഏറ്റെടുക്കുന്നതിനു മുൻപ് എത്ര രൂപയാണ് ഒരു വർഷം ബി.പി.എൽ. കാർഡ് ഉടമകൾക്ക് വിതരണം ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?</td>
<td>(ഡി)</td>
<td>ആർ.എസ്.ബി.വൈ പദ്ധതി ഒരു സൗജന്യ ചികിത്സ പദ്ധതിയാകുന്നു. ടി പദ്ധതി വഴി ബി.പി.എൽ ഗുണഭോക്താക്കൾക്കു പണമായി ഒന്നും ലഭിക്കുന്നില്ല, പ്രസ്തുത കുടുംബങ്ങൾക്കു റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ആർ.എസ്.ബി.വൈ പദ്ധതി ഏറ്റെടുത്തതിന് മുൻപും ചികിത്സയായി മാത്രമേ ആനുകൂല്യം ലഭിച്ചിരുന്നുള്ളു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ